# ജനാധികാരത്തിന്റെ സാധ്യതകൾ

**നീർത്തടങ്ങൾ നികത്തുന്ന കാര്യത്തിൽ യു.ഡി.എഫ് സർക്കാർ മണ്ണ് – റിയൽ എസ്റ്റേറ്റ് ലോബിയ്ക്കനുകൂലമാകുമെന്ന ധാരണയിൽ പാടങ്ങളും കുന്നുകളും വാങ്ങികൂട്ടുന്ന റിയൽ എസ്റ്റേറ്റ്റുകാർ ആശങ്കപ്പെടുത്തുന്നതായി ജോർജ്ജ് ജേക്കബ്**

## നീർത്തടസംരക്ഷണത്തിന് തുടർച്ചയുണ്ടാകണം

**1. കഴിഞ്ഞ** ഒരു ദശകത്തിൽ കേരളത്തിൽ കൃഷിയോഗ്യമായിരുന്ന ഭൂമിയുടെ അളവിൽ ക്രമാതീതമായ കുറവുണ്ടാകുകയുണ്ടായി. കൃഷിയിടങ്ങളേക്കാൾ പാരിസ്ഥിതിക പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളാണ് അതിവേഗം നികത്തപ്പെടുന്നത്. ഇത് ജല സംഭരണത്തിനുള്ള ഭൂമിയുടെ സ്വാഭാവിക ശേഷിയേയും ജലലഭ്യതയേയും ബാധിക്കുകയും വരും തലമുറയെ ജലക്ഷാമത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു.

റോഡ് വികസന പദ്ധതികളും കൃഷി വികസനത്തിനായുള്ള സംസ്ഥാന കേന്ദ്ര പദ്ധതികളിലെ ഫാം റോഡുകളും കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും നെൽ കലവറകളെ അതിവേഗം അപ്രത്യക്ഷമാക്കി. ഓരോ തണ്ണീർത്തടവും മൂടപ്പെടുമ്പോൾ ഒരു കുന്നുകൂടി അപ്രത്യക്ഷമാവുകയാണ്. ആ രീതിയിൽ പ്രകൃതിയെ ക്രൂരമായി നശിപ്പിക്കുന്ന ഈ പ്രക്രിയയ്ക്കെതിരെ പുതിയ സർക്കാരിന്റെ ഭാഗത്ത് നിന്നും കർശനമായ നിലപാട് ഉണ്ടാകണം.

**2.** നീർത്തടങ്ങൾ നികത്തുന്ന കാര്യത്തിൽ യു.ഡി.എഫ് സർക്കാർ മണ്ണ് – റിയൽ എസ്റ്റേറ്റ് ലോബിയ്ക്കനുകൂലമാകുമെന്ന ധാരണയിൽ പാടങ്ങളും കുന്നുകളും വാങ്ങികൂട്ടുന്ന റിയൽ എസ്റ്റേറ്റ്ക്കാരുടെ പ്രതീക്ഷകൾ എന്നെ ആശങ്കപ്പെടുത്തുന്നു. അനധികൃതമായി നികത്തപ്പെടുന്ന നീർത്തടങ്ങൾ സർക്കാരിലേക്ക് കണ്ട് കെട്ടുന്നതിന് നിയമനിർമ്മാണം വേണം.

**3.** പൊതുഗതാഗത സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ ടാക്സികളുടെ ടാക്സ് നാമമാത്രമാക്കുകയും സ്വകാര്യവാഹനങ്ങളുടെ ടാക്സ് വർദ്ധിക്കുകയും വേണം. സ്വകാര്യബസ്സ് വ്യവസായം തകർച്ചയിലെത്തിയിരിക്കുകയാണ്. കുതിച്ചുയരുന്ന ഇന്ധന വില, തൊഴിലാളി ക്ഷാമം, കൂലി വർദ്ധനവ് എന്നിവയ്ക്കൊപ്പം ഓരോ ബസ്സിൽ നിന്നും ഒരു വർഷം ടാക്സായി ഒരു ലക്ഷത്തിമുപ്പത്തിനായിരത്തോളം രൂപ സർക്കാരിലേയ്ക്ക് നൽകേണ്ട സ്ഥിതിയാണുള്ളത്. ഈ ടാക്സ് കുറച്ച്ക്കൊണ്ട് പൊതുഗതാഗതം ശക്തമാക്കിയില്ലെങ്കിൽ സ്വകാര്യവാഹനങ്ങളുടെ പെരുപ്പം ഇനിയും വർദ്ധിക്കും. റോഡുകളുടെ അപര്യാപ്തത കാരണം കൂടുതുൽ ഭൂമി എറ്റെടുക്കേണ്ടി വരും. മലിനീകരണവും വർദ്ധിക്കും.

**4.** കാർഷിക മേഖലയേയും പരമ്പരാഗത മേഖലയേയും സംരക്ഷിക്കുന്ന നയങ്ങൾ ഉണ്ടാകണം. കൃഷിയ്ക്ക് വേണ്ടത് കൂടുതൽ കടം അല്ല, ചിലവില്ലാത്ത കാർഷിക രീതികളാണ്.

**5.** തൊഴിലുകൾ നഗരത്തിൽ മാത്രം ലഭ്യമാകുന്നത് വർദ്ധിച്ച നഗരവത്കരണത്തിനിടയാക്കും. തെഴിലുകൾ വികേന്ദ്രീകരിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

**6.** ഭൂരഹിതർക്ക് കൃഷിയോഗ്യമായ ഭൂമി നൽകുന്നതിന് തോട്ടം മേഖലയിലെ അധികഭൂമി ഉപയോഗിക്കുക. പഴയ പാട്ടക്കരാറുകൾ പുതുക്കി നൽകാതെ, ഭൂമി ഭൂരഹിതർക്ക് നൽകുക.

**7.** വിദ്യഭ്യാസ മേഖലയിൽ കൊണ്ട് വന്നിട്ടുള്ള അശാസ്ത്രീയമായ പരീക്ഷണങ്ങൾ അവസാനിപ്പിക്കുക. ഉൾക്കാഴ്ച്ചയോടെ, ഗൗരവമുള്ള പഠനങ്ങളുടെ വെളിച്ചത്തിൽ വിദ്യാഭ്യാസമേഖല പരിഷ്കരിക്കുക.